# കേരളാ സ്റ്റേറ്റ്
# എക്സൈസ് സ്റ്റാഫ് അസോസിയേഷൻ
**ജില്ലാകമ്മറ്റി, മലപ്പുറം, രജിസ്റ്റർ നമ്പർ 263/88**

## സർക്കുലർ നമ്പർ 10/2016-17

സുഹൃത്തെ,

അസോസിയേഷന്റെ ജില്ലാകമ്മറ്റി യോഗം 11.05.2017-ന് ഉച്ചക്ക് 2 മണിക്ക് ജില്ലാ പ്രസിഡന്റ് കെ. പ്രദീപ്കുമാറിന്റെ അധ്യക്ഷതയിൽ മലപ്പുറം എക്സൈസ് ഭവനിൽ വെച്ച് ചേർന്നു. തൃശ്ശൂർ ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർ ടി.പി. തിലകന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

കഴിഞ്ഞ ജില്ലാ കമ്മറ്റി കാലയളവിന് ശേഷം നടത്തിയ പ്രവർത്തനങ്ങളെ കുറിച്ച് സെക്രട്ടറി ശ്രീ. വി.കെ. സുരജ് റിപ്പോർട്ട് അവതരിപ്പിച്ചു. ഏപ്രിൽ 27-ാം തിയ്യതി നടന്ന തലമുറകളുടെ സംഗമം എന്ന പരിപാടി വമ്പിച്ച വിജയമായിരുന്നെന്ന് സെക്രട്ടറി പറഞ്ഞു. ചടങ്ങിൽ 15 മുൻകാല പ്രവർത്തകരെ ആദരിച്ച ചടങ്ങ് വികാരപരവും ഹൃദ്യവുമായിരുന്നുവെന്ന് വിലയിരുത്തി. തദവസരത്തിൽ നടന്ന യാത്രയയപ്പിനെ കുറിച്ചും വിശദീകരിച്ചു. സംസ്ഥാന കമ്മിറ്റി റിപ്പോർട്ടിങിന്റെ ഭാഗമായി വരാനിരിക്കുന്ന ജില്ലാ സമ്മേളനങ്ങളും സംസ്ഥാന സമ്മേളനവും വിപുലമായി നടത്തുന്നതിനെ കുറിച്ചും, അവ വിജയിപ്പിക്കുന്നതിനെ കുറിച്ചും ജനറൽ സെക്രട്ടറി ശ്രീ. കെ. രാമകൃഷ്ണൻ വിശദീകരിച്ചു.

തുടർന്ന് മേൽ റിപ്പോർട്ടുകളിലും ഭാവി പരിപാടികളെ കുറിച്ചും നടത്തിയ വിശദമായ ചർച്ചയിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

**തീരുമാനങ്ങൾ**

1) മെയ് 31-ന് സർവ്വീസിൽ നിന്നും വിരമിക്കുന്ന മലപ്പുറം സ്പെഷ്യൽ സ്ക്വാഡ് ഓഫീസിലെ അസി. എക്സൈസ് ഇൻസ്പെക്ടർ(ഗ്രേഡ്) ശ്രീ. ടി.കെ. കോയക്കുട്ടി, തിരൂർ റെയ്ഞ്ചിലെ വാൻ ക്ലീനർ സി. ബാലകൃഷ്ണൻ എന്നിവർക്ക് മെയ് 25-ന് സമുചിതമായ യാത്രയയപ്പ് നൽകാൻ തീരുമാനിച്ചു.

2) സംഘടന സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്ന സംസ്ഥാന സർക്കാറിന്റെ ഹരിത മിഷൻ പരിപാടിയുടെ ജില്ലാതല ഉൽഘാടനം കാളികാവ് റെയ്ഞ്ച് ഓഫീസിൽ ഈ മാസം അവസാന വാരത്തിൽ നടത്താൻ തീരുമാനിച്ചു.

3) പൊന്നാനി സർക്കിൾ ഓഫീസിലെ പ്രിവന്റീവ് ഓഫീസർ അജോ ജോൺസന് ചികിത്സാർത്ഥം ജില്ലാ വെൽഫയർ ഫണ്ടിൽ നിന്നും 15000 രൂപ നൽകാൻ തീരുമാനിച്ചു.

യോഗം വൈകിട്ട് 6.00 മണിക്ക് അവസാനിച്ചു.

മലപ്പുറം
11.05.2017

അഭിവാദനങ്ങളോടെ,

വി.കെ. സുരജ്
ജില്ലാ സെക്രട്ടറി